# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4357 — 17/12/2014-ൽ മറുപടിക്ക്

## കൊച്ചിയിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |

---

| | | | |
|---|---|---|---|
| (എ) | കൊച്ചിയിൽ ഒരു പുതിയ ക്യാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | (എ) | എറണാകുളം ഗവ. മെഡിക്കൽ കോളേജ് കാമ്പസിൽ തുടങ്ങുവാൻ തറക്കല്ലിട്ടിരിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ ഉത്തര കേരളത്തിലെ കാൻസർ രോഗ ചികിത്സയ്ക്കും പഠനത്തിനും ഉദ്ദേശിച്ചിട്ടുള്ള ബൃഹത്തായ സംരംഭമാണ്. |
| (ബി) | പുതുതായി ക്യാൻസർ സെന്റർ തുടങ്ങുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; | (ബി) | ഏകദേശം 450 കോടി ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | എന്തെല്ലാം തരം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (സി) | കാൻസർ രോഗ ചികിത്സയ്ക്കും പഠനത്തിനും ഉതകുന്ന ആധുനിക രീതിയിലുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | മദ്ധ്യകേരളത്തിന് പുറമെ, ലക്ഷദ്വീപ് പ്രദേശത്തുള്ളവർക്ക കൂടി പ്രയോജനപ്പെടാനിടയുള്ള പദ്ധതി എന്ന നിലയിൽ ഇതിന് കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രത്യേക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; ആവശ്യപ്പെട്ടിട്ടുണ്ടോ; | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ക്യാൻസർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഏതെല്ലാം യന്ത്രങ്ങളാണ് ഇവിടേയ്ക്ക് വേണ്ടി വരിക? | (ഇ) | കാൻസർ ചികിത്സയ്ക്കായി ആവശ്യമായ അത്യാധുനിക യന്ത്രങ്ങളെല്ലാം ഇവിടേയ്ക്ക് ആവശ്യമായി വരും. |

സെക്ഷൻ ഓഫീസർ